LIBRARY ARCHIVES Kerala Legislative Assembly

## സ്വർണ്ണ വ്യാപാരം

136 (7972) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു വർഷം എത്ര രൂപയുടെ സ്വർണ്ണ വ്യാപാരം നടക്കുന്നതായാണ് കണക്കാക്കപ്പെടുന്നത്;

(ബി) സംസ്ഥാനത്ത് ഒരു വർഷം എത്ര ടൺ സ്വർണ്ണ വ്യാപാരം നടക്കുന്നുണ്ട്;

(സി) സംസ്ഥാനത്ത് സ്വർണ്ണവ്യാപാരത്തിന് ഇപ്പോൾ എത്ര ശതമാനം വാറ്റ് ആണ് ചുമത്തിയിട്ടുള്ളത്;

(ഡി) സംസ്ഥാനത്ത് സ്വർണ്ണ വ്യാപാരത്തിൽ നിന്നും നികുതിയിനത്തിൽ 2011-12, 2012-13, 2013-14 വർഷങ്ങളിൽ എത്ര തുകയുടെ വരവുണ്ടായി എന്ന് വ്യക്തമാക്കുമോ ;

(ഇ) സ്വർണ്ണവ്യാപാരത്തിന് ദക്ഷിണേന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും ഏകീകരിച്ച നികുതിയാണോ ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(എഫ്) സ്വർണ്ണവ്യാപാരത്തിന് ദക്ഷിണേന്ത്യയിൽ ഏറ്റവുമധികം നികുതി ഈടാക്കുന്നത് കേരളമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ജി) എങ്കിൽ ദക്ഷിണേന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളോട് ഏകീകരിച്ച് നികുതി പരിഷ്കരണം നടത്തുവാനും വ്യാപാരചോർച്ചയും കള്ളക്കടത്തും തടയുവാനും വഴിയൊരുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) വാണിജ്യ നികുതി വകുപ്പിന്റെ സോഫ്റ്റ്വെയർ ആയ KVATIS-ൽ ലഭ്യമായ കണക്കുകൾ പ്രകാരം സ്വർണ്ണത്തിന്റെ വിറ്റുവരവ് ഇറക്കുമതി ഉൾപ്പെടെ 43,204 കോടി രൂപയാണെന്ന് കണക്കാക്കപ്പെടുന്നു.

(ബി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(സി) സംസ്ഥാനത്ത് സ്വർണ്ണവ്യാപാരത്തിന് കേരള മൂല്യവർദ്ധിത നികുതി നിയമപ്രകാരം 5 ശതമാനമാണ് നികുതി നിരക്ക്.

(ഡി) സംസ്ഥാനത്ത് സ്വർണ്ണ വ്യാപാരത്തിൽനിന്നും നികുതിയിനത്തിൽ 2011-12, 2012-13, 2013-14 എന്നീ വർഷങ്ങളിൽ ലഭിച്ച തുക ചുവടെ ചേർക്കുന്നു:

| വർഷം | ലഭിച്ച തുക (കോടിയിൽ) |
|---|---|
| 2011-12 | 302.20 |
| 2012-13 | 393.54 |
| 2013-14 | 471.53 |

(ഇ) മറ്റ് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ സ്വർണ്ണാഭരണങ്ങളുടെ നികുതി നിരക്ക് ഒരു ശതമാനമാണ്.

(എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ജി) ഇന്ത്യയിൽ മൂല്യവർദ്ധിത നികുതി സമ്പ്രദായം നടപ്പാക്കുന്നതിനുള്ള ഉന്നതാധികാര സമിതിയുടെ ശുപാർശയനുസരിച്ച് 2005-06 സാമ്പത്തിക വർഷത്തിൽ ആഭരണങ്ങൾക്ക് സംസ്ഥാനത്ത് ഒരു ശതമാനം നികുതി ഏർപ്പെടുത്തിയിരുന്നു. എന്നാൽ പ്രസ്തുത വർഷം സ്വർണ്ണത്തിൽ നിന്നുള്ള നികുതി വരുമാനം 51.48 കോടിയിൽനിന്ന് 21.21 കോടിയായി താഴ്ന്നതിനാൽ 2006-07 സാമ്പത്തിക വർഷം മുതൽ സ്വർണ്ണാഭരണങ്ങളുടെ നികുതി നിരക്ക് 4 ശതമാനമായി ഉയർത്തിയിരുന്നു. തുടർന്ന് 2012-13 സാമ്പത്തിക വർഷം പൊതു നിരക്കായ 4 ശതമാനം എന്നത് 5 ശതമാനമായി ഉയർത്തിയപ്പോൾ സ്വർണ്ണാഭരണങ്ങളുടെ നികുതിനിരക്കും 5 ശതമാനമായിട്ടുണ്ട്.

ബില്ലോ വ്യാപാര സ്ഥാപനമോ ഇല്ലാതെയുള്ള കച്ചവടവും സ്യൂട്ട്കേസുകളിലും മറ്റും സുഗമമായി കടത്തുവാനുള്ള സൗകര്യവും കാരണം സ്വർണ്ണം നികുതി ചോർച്ച കൂടുതലായി ഉള്ള ഒരു മേഖലയായാണ് വർഗ്ഗീകരിക്കപ്പെട്ടിട്ടുള്ളത്. അതിനാൽ കോമ്പൗണ്ടിംഗ് വ്യവസ്ഥയാണ് ഈ മേഖലയിൽ നിന്ന് നികുതി പിരിക്കുവാൻ അഭികാമ്യമായി കാണുന്നത്. അതിനായി കൂടുതൽ വ്യാപാരികളെ കോമ്പൗണ്ടിംഗ് വ്യവസ്ഥയിലേക്ക് കൊണ്ടുവരുവാനാണ് ഉയർന്ന ഷെഡ്യൂൾ നികുതി നിരക്ക് ഏർപ്പെടുത്തിയിട്ടുള്ളത്. കോമ്പൗണ്ടിംഗ് വ്യവസ്ഥ ഏർപ്പെടുത്തിയതിനുശേഷം നികുതി പിരിവ് 21.21 കോടിയിൽനിന്നും 2006-07-ൽ 97.90 കോടി രൂപയായി വർദ്ധിച്ചു. 2012-13 സാമ്പത്തിക വർഷം ഈ മേഖലയിൽ നിന്നും 393.54 കോടി രൂപയും 2013-14-ൽ 471.53 കോടി രൂപ പിരിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്. കോമ്പൗണ്ടിംഗ് ചെയ്ത സ്വർണ്ണവ്യാപാരികൾക്ക് അവർ ഒടുക്കിയ നികുതിയുടെ അടിസ്ഥാനത്തിൽ 1.03 ശതമാനം മുതൽ 1.5 ശതമാനം വരെ ഉപഭോക്താക്കളിൽ നിന്നും നികുതി പിരിക്കാവുന്നതാണ്. ഉയർന്ന ഷെഡ്യൂൾ നിരക്കും ആകർഷകമായ കോമ്പൗണ്ടിംഗ് വ്യവസ്ഥയും ചേർന്ന സമവാക്യം നികുതി വരുമാനം ഉയർത്തിയിട്ടുള്ളതായാണ് കണ്ടുവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly